# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3286

13-03-2017 ൽ മറുപടിയ്ക്ക്

## ചെറുകിട തുറമുഖങ്ങളിലേയ്ക്ക് റെയിൽ കണക്റ്റിവിറ്റി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. വി.കെ.സി.മമ്മത് കോയ | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| ശ്രീ. കെ.ജെ.മാക്സി | : | ( തുറമുഖവും മ്യൂസിയവും പുരാവസ്തു |
| ശ്രീ. വി.ജോയി | : | സംരക്ഷണവും വകുപ്പ് മന്ത്രി) |
| ശ്രീ. എം.രാജഗോപാലൻ | : | |

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളിലെ ചരക്കുനീക്കം ശക്തിപ്പെടുത്തുന്നതിനായി ചെറുകിട തുറമുഖങ്ങളിലേയ്ക്ക് റെയിൽ കണക്റ്റിവിറ്റി ഏർപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇതു സംബന്ധിച്ച് പഠന റിപ്പോർട്ട് തയ്യാറാക്കുന്നുണ്ടോ ; വിശദാംശം നൽകാമോ; | (ബി) | ഇതു സംബന്ധിച്ച് പഠന റിപ്പോർട്ട് തയ്യാറാക്കാൻ റെയിൽ വികാസ് നിഗം ലിമിറ്റഡ് (RVNL) നെ ചുമതലപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. |
| (സി) | കേന്ദ്ര സർക്കാരിന്റെ സാഗർ മാല പദ്ധതി പ്രകാരം എന്തെല്ലാം പ്രവൃത്തികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത് ; | (സി) | അഴീക്കൽ തുറമുഖ വികസനം, സാഗർമാല പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള ശുപാർശ കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ആലപ്പുഴ പാസഞ്ചർ ടെർമിനൽ, കൊല്ലം തുറമുഖത്തിലെ പാസഞ്ചർ ടെർമിനൽ നിർമ്മാണം, കൊല്ലം, ബേപ്പൂർ അഴീക്കൽ തുറമുഖങ്ങളെ ദേശീയ പാതയുമായി ബന്ധിപ്പിക്കുന്ന റോഡ് വികസനം എന്നീ പ്രവൃത്തികൾ സാഗർമാലയിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി കേന്ദ്രസർക്കാരിന് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | മാനുവൽ ഡ്രഡ്ജിംഗ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | മാനുവൽ ഡ്രെഡ്ജിംഗ് സംബന്ധിച്ച നിലവിലെ രീതി 31/03/2017 ന് ശേഷം തുടരേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ട്. മാനുവൽ ഡ്രെഡ്ജിംഗ് സംബന്ധിച്ച പുതിയ നയം അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 2017 ഏപ്രിൽ മുതൽ ടി നയം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ